"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമപദ്ധതി-2-ൽ അസി.കോർഡിനേറ്റർ (ശുചിത്വ-മാലിന്യ സംസ്കരണം), പ്രോഗ്രാം ഓഫീസർ (ശാക്തീകരണ പരിപാടിയും ഡോക്യുമെൻ്റേഷനും), പി.ആർ.ഒ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് -സംബന്ധിച്ച്.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.231/2025/PIE&MD    തീയതി,തിരുവനന്തപുരം, 18-09-2025

---

പരാമർശം:-

1. 30.08.2022-ലെ സ.ഉ (കൈ) നം.05/2022/പി.ഐ.ഇ&എം.ഡി ഉത്തരവ്
2. 17.06.2025-ലെ നവകേരളം കർമപദ്ധതി-2 കോർഡിനേറ്ററുടെ എൻ.കെ.പി/എ2/943എ/2025 നമ്പർ കത്ത്

**ഉത്തരവ്**

നവകേരളം കർമപദ്ധതി-2-ൽ അസിസ്റ്റന്റ് കോർഡിനേറ്റർ (ശുചിത്വ-മാലിന്യ സംസ്കരണം) തസ്തികയിൽ മുൻപ് ഹരിത കേരളം മിഷൻ ടെക്നിക്കൽ ഓഫീസറായി പ്രവർത്തിച്ചിരുന്ന കൃഷിവകുപ്പിൽനിന്നും വിരമിച്ച ശ്രീമതി. ഹരിപ്രിയ ദേവി വി.വി-യേയും, പ്രോഗ്രാം ഓഫീസർ (ശാക്തീകരണ പരിപാടിയും ഡോക്യുമെൻ്റേഷനും) തസ്തികയിൽ മുൻപ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും വിരമിച്ച ശ്രീ.വി രാജേന്ദ്രൻനായർ-യേയും, പി.ആർ.ഒ. തസ്തികയിൽ മുൻപ് വർക്കിംഗ് അറേഞ്ച്മെൻ്റ് വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന സി-ഡിറ്റിൽ നിന്നും വിരമിച്ച ശ്രീ. ബി. മനോജിനെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കണമെന്ന് പരാമർശം (2) പ്രകാരം നവകേരളം കർമപദ്ധതി-2 കോർഡിനേറ്റർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം പി.ആർ.ഒ തസ്തിക സൃഷ്ടിക്കുകയും പ്രോഗ്രാം ഓഫീസർ, അസിസ്റ്റന്റ് കോർഡിനേറ്റർ എന്നീ തസ്തികകളുടെ നിയമനരീതിയിൽ കരാർവ്യവസ്ഥയും കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്തിട്ടുമുള്ള സാഹചര്യത്തിൽ നവകേരളം കർമപദ്ധതി-2-ൽ അസിസ്റ്റന്റ് കോർഡിനേറ്റർ (ശുചിത്വ-മാലിന്യ സംസ്കരണം) തസ്തികയിൽ മുൻപ് ഹരിത കേരളം മിഷൻ ടെക്നിക്കൽ ഓഫീസറായി പ്രവർത്തിച്ചിരുന്ന കൃഷിവകുപ്പിൽനിന്നും വിരമിച്ച ശ്രീമതി. ഹരിപ്രിയ ദേവി വി.വി-യേയും, പ്രോഗ്രാം ഓഫീസർ (ശാക്തീകരണ പരിപാടിയും ഡോക്യുമെൻ്റേഷനും) തസ്തികയിൽ മുൻപ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും വിരമിച്ച ശ്രീ.വി രാജേന്ദ്രൻനായർ-യേയും, പി.ആർ.ഒ. തസ്തികയിൽ മുൻപ് വർക്കിംഗ് അറേഞ്ച്മെൻ്റ് വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന സി-ഡിറ്റിൽ നിന്നും വിരമിച്ച ശ്രീ. ബി. മനോജിനെയും കരാർ

അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. കരാർ/ദിവസ വേതന നിയമനങ്ങൾക്ക് മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളും നിബന്ധനകളും പുനർനിയമനം സംബന്ധിച്ച വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീന ജെ പി
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി.ഹരിപ്രിയ ദേവി വി.വി, ശ്രേയസ്, റ്റി.സി.60/244, കിടാരക്കുഴി, വെങ്ങാനൂർ പി.ഒ (നവകേരളം കർമപദ്ധതി-2 കോർഡിനേറ്റർ മുഖേന)
2. ശ്രീ. വി. രാജേന്ദ്രൻനായർ, സഖാവ്, കുടവൂർ പി.ഒ., തോന്നയ്ക്കൽ, തിരുവനന്തപുരം (നവകേരളം കർമപദ്ധതി-2 കോർഡിനേറ്റർ മുഖേന)
3. ശ്രീ. മനോജ് ബി., നിലാവ് മുരുക്കുംപുഴ പി.ഒ., തിരുവനന്തപുരം (നവകേരളം കർമപദ്ധതി-2 കോർഡിനേറ്റർ മുഖേന)
4. കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
5. ധനകാര്യ വകുപ്പ്
6. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Devi K.G.
സെക്ഷൻ ഓഫീസർ
Date: 19-09-2025 11:06:24